# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3223** 03.04.2013-ലെ മറുപടിയ്ക്ക്

**ജൈവവൈവിധ്യ നിയമം 2002 നടപ്പിലാക്കിയ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ**

**ചോദ്യം**
**ശ്രീ. ബെന്നി ബെഹനാൻ**

**ഉത്തരം**
**ഡോ: എം.കെ.മുനീർ**
**(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി)**

(എ) ജൈവവൈവിധ്യ നിയമം 2002 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ജൈവ വൈവിധ്യ പരിപോഷണ പ്രവർത്തനങ്ങൾ ഏതൊക്കെ യാണ് ;

(എ) ജൈവവൈവിധ്യ നിയമങ്ങൾ 2002, ചട്ടങ്ങൾ 2004, കേരള ജൈവ വൈവിധ്യ ചട്ടങ്ങൾ 2008 എന്നിവ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അതതു പ്രദേശ ത്തെ ജൈവവൈവിധ്യം സംരക്ഷി ക്കുന്നതിനും ജൈവവൈവിധ്യ ത്തിന്മേലുള്ള സുസ്ഥിര ഉപയോഗം ഉറപ്പാക്കുന്നതിനും, ജൈവവൈവി ധ്യത്തിന്മേൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ നീതിപൂർവ്വ മായ പങ്കുവെയ്ക്കൽ ഉറപ്പാക്കു ന്നതിലേയ്ക്കുമായി ജൈവ വൈവിധ്യ പരിപാലന സമിതികൾ (ബി.എം.സി) രൂപീകരിക്കണമെന്ന് നിയമം അനുശാസിക്കുന്നു. അത്തരത്തിൽ നിയമാനുസൃത മായി രൂപീകരിക്കപ്പെടുന്ന ജൈവ വൈവിധ്യ പരിപാലന സമിതി കളുടെ ചുമതലയിൽ അതതു പ്രദേശത്തെ ജൈവവൈവിധ്യത്തെ സംബന്ധിച്ച ജൈവ വൈവിധ്യ രജിസ്റ്റർ ജനകീയ പങ്കാളിത്ത ത്തോടെ തയ്യാറാക്കണമെന്നും ആക്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ തയ്യാറാക്കുന്ന രജിസ്റ്ററു കളുടെ അടിസ്ഥാനത്തിൽ വേണം അതാതു പ്രദേശത്തിന്റെ വികസന സംരക്ഷണ പദ്ധതികൾ തയ്യാറാ ക്കേണ്ടത്.